സ്തോത്രമേ സ്തോത്രമേ
പ്രിയ യേശു രാജനെന്നും
സ്തോത്രം പ്രിയ യേശു
രാജനെന്നും സ്തോത്രം

1 പാപവും അതിൻ ഫലമാം
ശാപങ്ങളും എല്ലാം
ക്രൂശിലേറ്റ സ്നേഹത്തെ
ഞാനോർത്തു നന്ദിയോടെ
നിന്നടി വണങ്ങി ...

2 ദൂതസഞ്ചയം എനിക്കു
കാവലായി തന്നു
ദൂതരേക്കാൾ ശ്രേഷ്ഠമായ
സ്ഥാനം ദാനമായി
തന്നതിനെ ഓർത്തു ...

3 ഞാനിനി ഭയപ്പെടുവാൻ
ദാസ്യാത്മാവെ അല്ല
പുത്രത്വത്തിൻ ആത്മാവിനാൽ
എന്നെ പുത്രനാക്കിത്തീർത്ത
കൃപയോർത്തു ...

4 സ്വർഗ്ഗരാജ്യത്തിൽ വിശിഷ്ട
വേല എനിക്കേകി
സ്വർഗ്ഗീയമാം ഭണ്ഡാരത്തി-
നെന്നെ സ്വർഗ്ഗനാഥൻ
കാവലാക്കി സ്തോത്രം ...

5 പാപത്തിന്നടിമയിൽ ഞാൻ
വീണിടാതെ എന്നും
പാവനമാം പാതയിൽ നടത്തി
പാവനാത്മ കാത്തിടുന്നതോർത്തു

6 ഓരോ നാളും ഞങ്ങൾക്കുള്ള-
തെല്ലാം തന്നു പോറ്റി
ഭാരമെല്ലാം തൻ ചുമലിലേറ്റി
ഭാരമെന്യേ
കാത്തിടുന്നതോർത്തു ...

7 എണ്ണമില്ലാതുള്ള നിന്റെ
വൻകൃപകളോർത്തു
എണ്ണി എണ്ണി നന്ദിയാൽ
നിറഞ്ഞു എണ്ണമെന്യേ
വന്ദനം തരുന്നേ ...

Sthothrame sthothrame
Priya yesu raajanennum
Sthothram priya yesu
Raajanennum sthothram

1 Paapavum athin phalamaam
Shapangalum ellaam
Kroosiletta snehathe
Njaanorthu nandiyode
Ninnadi vanangi ...

2 Doothasanjchayam enikku
Kaavalai thannu
Dootharekkaal sreshtamaya
Sthaanam daanamai
Thannathine orthu ...

3 Njaanini bhayappeduvaan
Daasyaathmaave alla
Puthrathwathin aathmaavinaal
Enne puthranaakkitheertha
Krupayorthu ...

4 Swarggaraajyathil visishta
Vela enikkeki
Swargeeyamam bhandarathi-
Nenne swarganathan
Kaavalakki sthothram ...

5 Paapathinnadimayil njaan
Veenidaathe ennum
Paavanamam pathayil nadathi
Pavanathma kathidunnathorthu

6 Oro naalum njangalkkulla-
Thellaam thannu potti
Bharamellam than chumaliletti
Bhaaramenye
Kaathidunnathorthu ...

7 Ennamillathulla ninte
Vankrukalorthu
Enni enni nandiyal
Niranju ennamenye
Vandanam tharunne ...